"കേന്ദ്ര ദുരിതാശ്വാസ ഫണ്ടിൽ നിന്നും ധനസഹായം"

31 [645] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
" വി. ഡി. സതീശൻ:
" തിരുവഞ്ചൂർ രാധാകൃഷ്ണൻ:
" വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭം നിമിത്തമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും കൃഷി നാശത്തിനും കേന്ദ്ര ദുരിതാശ്വാസ ഫണ്ടിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നിലവിലുള്ള വ്യവസ്ഥപ്രകാരം കേന്ദ്രത്തെ ബോധ്യപ്പെടുത്തേണ്ടത്;

(ബി) അതിന് എന്തെല്ലാം വിധത്തിലുള്ള വിവരങ്ങളാണ് കേന്ദ്രത്തിന് നൽകേണ്ടത്;

(സി) ഇക്കാര്യം സംബന്ധിച്ച ഒരു ചോദ്യാവലി തയ്യാറാക്കി ജില്ലാകളക്ടർമാർക്ക് നൽകുകയും പ്രകൃതിക്ഷോഭംമൂലം നാശനഷ്ടങ്ങളുണ്ടായാലുടനെ പ്രസ്തുത ചോദ്യാവലി പ്രകാരമുള്ള വിവരങ്ങൾ നൽകുകയും ചെയ്യണമെന്ന് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ഇത്തരം നടപടി കേന്ദ്രത്തിന് യഥാസമയം ആവശ്യമായ വിവരം നൽകുവാൻ സഹായകമാകുമെന്ന് കരുതുന്നുണ്ടോ?

ഉത്തരം

(എ & ബി) പ്രധാനമായും വരൾച്ചയ്ക്കും വെള്ളപ്പൊക്കക്കെടുതിയുമാണ് കേന്ദ്രത്തെ പ്രത്യേക സഹായത്തിനായി സമീപിക്കുന്നത്. ഇക്കാര്യത്തിൽ എല്ലാ ജില്ലാകളക്ടർമാരിൽ നിന്നും കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, വൈദ്യുതി വകുപ്പ്, വനം വകുപ്പ്, ജലസേചന വകുപ്പ്, ഗ്രാമവികസന വകുപ്പ് എന്നിവയിൽ നിന്നും വിശദമായ എസ്റ്റിമേറ്റ് സ്വീകരിച്ച് സമഗ്രമായ മെമ്മോറാണ്ടം മുഖ്യമന്ത്രിയുടെ അംഗീകാരത്തോടെ കേന്ദ്രത്തിന് സമർപ്പിക്കുകയാണ് ചെയ്യാറുള്ളത്.

(സി) നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്.

കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായം

32 [646] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര സർക്കാരിൽ നിന്നും എന്തു തുകയുടെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായമാണ് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ വരൾച്ചാ ദുരിതാശ്വാസമായി എന്തു തുക ലഭിച്ചു;

(സി) എന്തു തുക വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനായി ലഭിച്ചു;

(ഡി) കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എന്തു തുക ഓരോ വർഷവും ലാപ്സായി എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2001-02, 2002-03, 2003-04 എന്നീ വർഷങ്ങളിലും 2004-05 വർഷം ഇതുവരെയും സംസ്ഥാന സർക്കാരിന്റെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലേയ്ക്ക് കേന്ദ്ര സർക്കാർ വിഹിതമായി അനുവദിച്ച തുക താഴെ കാണുംപ്രകാരമാണ്:

		തുക ലക്ഷത്തിൽ	
2001-02	..	8604	(2000-01-ൽ ലഭിക്കേണ്ട ബാക്കി തുക ഉൾപ്പെടെ)
2002-03	..	5560	
2003-04	..	5838	
2004-05	..	3065	
ഇതുവരെ ആകെ		23067	

(ബി, സി) വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയ പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനായി മൊത്തമായാണ് കേന്ദ്ര സർക്കാർ തുക അനുവദിക്കുന്നത്.

(ഡി) കേന്ദ്ര വിഹിതമായി ലഭിക്കുന്ന തുകയോടൊപ്പം സംസ്ഥാന വിഹിതവും ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നുമാണ് തുക ചെലവഴിക്കുന്നത്. 2003-04 വരെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലെ തുക പൂർണ്ണമായും ചെലവഴിച്ചു. 2004-05-ലെ തുക ചെലവഴിച്ചുവരുന്നു. പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധി ഒരു റിവോൾവിംഗ് ഫണ്ടായതിനാൽ ഈ നിധിയിലെ തുക ഒരിക്കലും ലാപ്സാകുകയില്ല. ഓരോ സാമ്പത്തിക വർഷവും ബാക്കി വരുന്ന തുക അടുത്ത വർഷം ചെലവഴിക്കാൻ കഴിയും. അതിനാൽ തുക ലാപ്സായിട്ടില്ല.

"നാണ്യവിളകൾക്കുണ്ടാകുന്ന നഷ്ടത്തിന് കേന്ദ്ര ദുരിതാശ്വാസ ഫണ്ടിൽ നിന്ന് ധനസഹായം"

33 [647] ശ്രീ. വി. ഡി. സതീശൻ:
„ പി. ടി. തോമസ്:
„ ജോർജ് ജെ. മാത്യു:
„ എ. കെ. മണി:
„ എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചമൂലം സംസ്ഥാനത്തെ നാണ്യവിളകൾക്കുണ്ടാകുന്ന നഷ്ടം വകവച്ച് കേന്ദ്ര ദുരിതാശ്വാസ ഫണ്ടിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് നിലവിലുള്ള കേന്ദ്ര മാനദണ്ഡങ്ങൾ സഹായകമാണോ;

LIBRARY ARCHIVES Kerala Legislative Assembly